# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3926 — 21/06/2019-ൽ മറുപടിക്ക്

### ഇൻസ്പെക്ഷൻ ബംഗ്ലാവുകൾ

| | ചോദ്യം<br>**ശ്രീ.ബി.ഡി. ദേവസ്സി** | | മറുപടി<br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കെ.എസ്.ഇ.ബി.യുടെ ഉടസ്ഥതയിലുള്ള ഷോളയാർ, പെരിങ്ങൽകുത്ത് എന്നിവിടങ്ങളിൽ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിൽ മുറികൾ പൊതുജനങ്ങൾക്ക് വാടകയ്ക്ക് നൽകുന്നതിനുള്ള ബുക്കിംഗ് സൗകര്യവും, അനുമതിയും ചാലക്കുടി ഡിവിഷണൽ ഓഫീസിൽ നിന്നും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കെ.എസ്.ഇ.ബി.എൽ. ന്റെ കീഴിലുള്ള എല്ലാ ഇൻസ്പെക്ഷൻ ബംഗ്ലാവുകളിലും എന്ന പോലെ പൊരിങ്ങൽകുത്തിലെയും ഷോളയാറിലെയും (അമ്പലപ്പാറ) ഇൻസ്പെക്ഷൻ ബംഗ്ലാവുകളുടെ ബുക്കിംഗ് തിരുവനന്തപുരം വൈദ്യുതി ഭവനത്തിലുള്ള സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)-ന്റെ ഓഫീസ് മുഖാന്തിരമാണ് നടക്കുന്നത്. മന്ത്രിമാരും മറ്റ് ഉയർന്ന ഉദ്യോഗസ്ഥരും പലപ്പോഴും സന്ദർശിക്കാറുള്ളത് കൊണ്ട് നിലവിലുള്ള സംവിധാനം തുടരുന്നതാണ് അഭികാമ്യം. |
| (ബി) | ജീർണ്ണാവസ്ഥയിൽ ഉപയോഗശൂന്യമായ അവസ്ഥയിലുള്ള, പെരിങ്ങൽകുത്തിലേയും ഷോളയാറിലേയും ഡാമുകളോട് ചേർന്നുള്ള കെ.എസ്.ഇ.ബി.യുടെ ക്വാർട്ടേഴ്സുകൾ അടിയന്തര അറ്റകുറ്റപ്പണികൾ നടത്തി വിനോദ സഞ്ചാരികൾക്കും പൊതുജനങ്ങൾക്കും താമസ സൗകര്യമൊരുക്കുന്നതിന് വൈദ്യുതി വകുപ്പ് നടപടി സ്വീകരിക്കുമോ? | (ബി) | കെ.എസ്.ഇ.ബി.യുടെ ക്വാർട്ടേഴ്സുകൾ അറ്റകുറ്റപ്പണികൾ നടത്തി വിനോദസഞ്ചാരികൾക്ക് താമസ സൗകര്യം ഒരുക്കുന്നതിന് ഹൈഡൽ ടൂറിസം സെന്ററിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ